കേശവീയം

സ്യമന്തകാപഹരണപര്യായം

മഹാകാവ്യം.

ഒന്നാം സർഗ്ഗം.

സരസഗായകകവിമണി

കെ. സി. കേശവപിള്ള.

വി. വി. പ്രസ്സ് കൊല്ലം.

T61
K48

(വില അണ 6.

1122

അറിയിപ്പ്

ശ്ലോകങ്ങൾ പദ്യങ്ങളിൽ
ലവ് തലൌഷ്യ അനന്തിരം
ഉദ്ധവരികൾ തേടുന്നതിൽ
ഈ ചിഹ്നം ദേറ് അടിയിൽ ഉണ്ടം.

DEFINITORY T.O.C.D. LIBRARY
CANCELLED
DHARMARAM COLLEGE LIBRARY BANGALORE 7142
T61 / K46

ശ്രീ.

കേശവീയം

സ്യമന്തകാപഹരണാഖ്യായം.

മഹാകാവ്യം.

ഒന്നാം സർഗ്ഗം.

രമണീയാർത്ഥദാനത്താ-
ലാനന്ദമല്ലവെന്നിയേ
ആശ്രിതർക്കരുളീടുന്ന
വാണിയെക്കൈതൊഴുന്നു ഞാൻ. ൧

ശ്രീമൽ കേരളവർമ്മാഖ്യം
കവിരത്നം തമോപഹം
വിമലം വിലസീടുന്നു
വിദ്വന്മൌലിവിഭൂഷണം. ൨

തച്ഛിഷ്യകവിസൂരീന്ദ്ര-
മണിമാലയ്ക്കു മഞ്ജുളം
നടുനായകമൊന്നിങ്ങു
വിളങ്ങുന്നിതമൂല്യമായ്. ൩

രാജരാജാഖ്യനായൊരാ-
ഗ്ഗുരുവിന്റെ കൃപാരസം
എൻമൊഴിക്കുള്ളഴുക്കെല്ലാം
കഴുകിക്കളയേണമേ. ൪

തട്ടുപഴഞ്ചോ മതംനവ്യം
സാമഞ്ജസ്യമനോഹരം
ഒരുക്കിയെന്നെയിക്കാവ്യ-
രചനാസാഹസത്തിനായ്. ൫

കാളിദാസകവീന്ദ്രന്റെ
കാൽനഖേന്ദുമരീചികൾ
കാവ്യാധ്വാവിൽ സഞ്ചരിക്കു-
മെനിക്കു വഴികാട്ടണം.

പശ്ചിമാംബുധിയിൽ പുത്തൻ
മണിദ്വീപമതെന്നപോൽ
ഭാരതക്ഷേത്രമായ് പണ്ടു
വിളങ്ങിയൊരു പത്തനം. ൭

ഏഴുപൊന്മതിലിന്നുള്ളി-
ലിട്ടു ശോഭിച്ചു പാവനം
പൃഥിവ്യാദികൾ ചൂഴുന്ന
പരമിൽപദമെന്നപോൽ. ൮

ഇതിൻ കനകസാലശ്രീ
പടർന്നു നിഴലിക്കയാൽ
ഔർവ്വസംഗം സമുദ്രത്തിൽ
സങ്കല്പിച്ചു ജനം ദൃഢം ൯

നിലയേറെക്കലർന്നുച്ച-
നിലമാർന്നുള്ളൊരിപ്പുരം
വിണ്ണിനോടുള്ള സംഘർഷം
വിശദം വിവരിച്ചുതേ. ൧൦

വിമാനമേറിസ്സരസം
ചരിക്കും സുരസഞ്ചയം
ഇതിൻപാർശ്വത്തിലെത്തുമ്പോൾ
നിന്ദിച്ചാർ വിഭവം നിജം. ൧൧

വിശ്വകർമ്മാവു പലനാ-
ളഭ്യസിച്ചതിമെച്ചമായ്
ശേഖരിച്ചുള്ള ശില്പങ്ങൾ-
ക്കിതാണാദ്യ 'പ്രദർശനം'. ൧൨

അസുരാന്തകനായീട്ടു-
മനുജന്നു വസിക്കുവാൻ
ഇന്ദ്രനേകിയ വിണ്ണിന്റെ
ഖണ്ഡംതാനിതനുത്തമം. ൧൩

അഥവാ മഥനം വീണ്ടു-
മാശങ്കിച്ചു സരിൽപതി
പുരമൊന്നീവിധം രത്ന-
പൂർണ്ണം കൃഷ്ണനു നൽകിയോ? ൧൨

കനിഞ്ഞു മാധവൻ പോറ്റും
വൃഷത്തിന്റെ വിഹാരവും
ശിവധാമതപവും ശ്രീമ-
ന്വിനായക വിലാസവും. ൧൩

നന്ദിയാളുന്ന ഭൂതൗഘ-
മളകാപുരസഖ്യവും
മഹാരജതാഭയും പാർത്താ-
ലിതു കൈലാസമേ ദൃഢം. (യുഗ്മകം) ൧൫

സ്ഫടികപ്പടവാർന്നിങ്ങു
വിളങ്ങിയ കുളങ്ങളിൽ
ജലത്തിൻനില ബോധിപ്പാൻ
സ്പർശം തന്നെയുപായമായ്. ൧൬

താരകാനികരം രാവി-
ലിന്ദ്രനീലാങ്കണങ്ങളിൽ
നിഴലിച്ചിഹ ശോഭിച്ചു
കാളിന്ദീകുമുദോപമം. ൧൭

നെഞ്ചിനുല്ലാസമേകുന്ന
മഞ്ജിമാളികതൻ ഗണം
മാനിനിക്കെന്നപോൽ ചേർത്ത
മനോജ്ഞതകമിതിന്നലം. ൧൯

ഇതിലെ സ്ത്രീകൾതൻ സൃഷ്ടി
ചെയ്‌വതിൽ പ്രൌഢികൈവരാൻ
വിധി ചെയ്തുള്ളൊരഭ്യാസ-
വിധി തന്നെപ്പുരസ്സരം.

ഒരു പൊന്മയമാം മസൃ-
വിതിലെത്താൻ ചയോധിയിൽ
മിന്നി വീചുള്ളുകിലണി-
ന്നങ്കണസവിന്നൊപ്പമായ്. ൨൦

ഇതിൻനായകനായ്‌വാണോ-
നിന്ദിരാനന്ദകന്ദളം
കൈവല്യാനന്ദസാരാത്മാ
കേശവൻ ക്ലേശനാശനൻ ൨൧

യദുവിൻകുലമാകുന്ന
കലശാംബുധിക്കു കൌസ്തുഭം,
ദേവകീവസുദേവന്മാർ
നോററ നോൻപുകൾ തൻഫലം. ൨൨

സദാചാരസ്ഥിരന്മാർ തൻ-
നേത്രങ്ങൾക്ക നവാമൃതം,
ദുരാചാരരതന്മാൎക്ക
ദുന്നിമിത്തശതാഗമം. ൨൪

വനിതാനയനങ്ങൾക്ക
ഘനസാരം മനോഹരം,
ദീനഹൃത്തിന്നു വിശ്രാന്തി-
സ്ഥാനമാനന്ദദായകം. (കുലകം) ൨൫

അനീതിബാധയില്ലാതെ
മാധവൻ നാട്ടു വാഴവേ
അനീതിബാധാകുലമാ-
യഹോ! ശോഭിച്ചു ഭൂതലം. ൨൬

മുകുന്ദകീൎത്തിയാകുന്ന
മാലതീമാല മഞ്ജുളം
മുടിയിൽ ചൂടിയാനന്ദ-
മുഖിമാർ വിളങ്ങിനാർ. ൨൭

കൃഷ്ണശബ്ദാൎത്ഥമായുള്ള
സത്താനന്ദങ്ങൾ സൎവ്വദാ
കലൎന്ന ലോകർ ഭൂപാല-
നനുരൂപത തേടിനാർ. ൨൮

ഗദത്തിൻഗന്ധമേ നാട്ടി-
ലാഗമിച്ചില്ലയെങ്കിലും
ദ്വിധാ മുകുന്ദപാർശ്വത്തി-
ലുളവായി ഗദാഗമം. ൮

ശൈവല്ബികാദികൾ കൈവിട്ട-
മുഷ്ടാനാമികവേശ്യയാൾ
കദാചിൽക്കും കാവ്യകർത്തൃ-
കടാക്ഷം പൂണ്ട കോമളം. ൯

സ്വവല്ലഭൻ താനക്കാലം
സ്വയം തന്നെബ്ഭരിക്കയാൽ
ഭൂമിദേവിക്കു സൌഭാഗ്യം
ചിരായ പരിപൂർണ്ണമായ്. ൧൦

ഏവം ദ്വാരകയിൽ ദേവ-
ദേവൻ മേവും ദശാന്തരേ
ഒരു നാളവിടെച്ചെന്നു
ചേർന്നാനൊരു മഹീസുരൻ. ൧൧

സ്മിതശ്രീ പൂണ്ട സഹസാ
സോപചാരം മുരാന്തകൻ
കൈത്താർ പിടിച്ചുതദ്വിയെ-
ല്പീഠത്തിങ്കലിരുത്തിനാൻ. ൧൨

ആനന്ദമാകുമമൃതിൽ
മുങ്ങിനോരു മഹീസുരൻ
അണിഞ്ഞു കുളിർതീർത്തീടാ-
നുടൻ രോമാഞ്ചകഞ്ചുകം. ൩൪

“സഖേ! കുശലമോ ചൊൽക
സാരസ്യവസതേ! മുദാ
ത്വദാഗമനമാനന്ദ-
മമന്ദം നൽകീടുന്നു മേ. ൩൫

വൃദ്ധസമ്മതമാം ധർമ്മ-
വൃത്തി കൈക്കൊണ്ടു സർവ്വദാ
നിങ്ങൾ സന്തുഷ്ടരായ്ത്തന്നെ
വാഴ്കയല്ലീ? മഹാമതേ! ൩൬

നിജമായുള്ള ധർമ്മത്തിൽ
നിന്നു മാറാതെ സൃഷ്ടിയെ
നിലനിർത്തുക താനല്ലോ
നിയതം വിപ്രലക്ഷണം. ൩൭

നിർവ്വിഘ്നം നിങ്ങൾ വേദോക്തി-
പ്രകാശനദശാവശാൽ
പ്രചരിപ്പിച്ചിടുന്നല്ലീ
ധർമ്മം ധാരാളമായ് ഭുവി? ൩൮

DEFINITORY T. O. C. D.
A 3824
LIBRARY

സ്വലാഭത്തേഷ്ടി സാധുത്വം
വിനയം ദയ ശാന്തിയും
കലൎന്ന ഭൂസുരന്മാരെ-
ക്കൈവണങ്ങുന്നു ഞാൻ സദാ. ൨൯

എന്നാശിഃ ഫലിക്കാനായ്-
ത്തുടങ്ങീടുന്ന താവകം
മദാരംഭമറിഞ്ഞീടാ-
ഞ്ഞുൽക്കണ്ഠ വളരുന്നു മേ. ൩൦

മുകുന്ദമൊഴി കേട്ടേവം
മുദിതൻ മേദിനീസുരൻ
അമന്ദവിനയശ്രീയാ-
ലാശ്ലിഷ്ടനരുളീടിനാൻ:— ൩൧

"ഭവൽകഭുജമന്ദാര-
തരുമൂലത്തിൽ വാഴ്കയാൽ
നിസ്താപം നിജമാം ധൎമ്മം
നിൎവ്വഹിക്കുന്നിതേവരും. ൩൨

ത്വദീയഭാഷണം നൽകും
സുഖമാമമൃതം സദാ
നുകൎന്നു ഞങ്ങൾ മേവുന്നു
സുമനസ്സുകളായ് വിഭോ! ൩൩

തവ ദീനദയാലുത്വം
തരും വിശ്വാസധോരണി
പറയിക്കുന്നതെന്നെക്കൊ-
ണ്ടൊരു സംഗതിയിന്നിഹ. ൨൪

സത്രാജിത്തായ കല്യാണ-
സിന്ധുവിങ്കലുദീതയായ്
സത്യഭാമാഖ്യ പൂണ്ടിങ്ങു
മേവുന്നു മഖർമാനിനി. ൨൫

സുവർണ്ണം സുഷ്ഠുവായുള്ള
വർണ്ണത്താലെന്നപോലവേ
സത്യമായ് ഭാസ്സിനാൽ മായാ-
മവളന്വർത്ഥതാൻ ഹരേ! ൨൬

വപുസ്സിന്നും മനസ്സിന്നും
വരാവുന്ന ഗുണങ്ങടെ
സീമകണ്ടിടുവാൻ നൂന-
മവളെത്തീർത്തു നാന്മുഖൻ. ൨൭

അചിരപ്രഭതൻ കാന്തി
ചിരം കണ്ടു രസിക്കുവാൻ
തദംഗത്തിലർപ്പിച്ചാൻ
സൌമ്യത്വം ചേർത്തവൻ ദൃഢം. ൨൮

മാരൻ മധ്യസ്ഥനായ് ചൊല്ലും
മൊഴി മാനിച്ചിടാതെതന്നെ
തമ്മിൽ താരുണ്യബാല്യങ്ങൾ
തത്ര ചെയ്യുന്നു സംഗരം. ൨൯

അഴൽ പൂണ്ടഴകിൻ കാത-
ലവൾ നിൻകഴൽ ഭക്തിയിൽ
മുഴുകിത്തൊഴുതോതുന്ന
മൊഴി കേട്ടരുളേണമേ. ൩൦

'നന്ദനന്ദന! വൃന്ദാര-
വൃന്ദമന്ദാര! സുന്ദര!
മന്ദയാം മമ നിൻപാദ-
ദ്വന്ദ്വമാണിന്നൊരാശ്രയം. ൩൧

എന്മനസ്സായ വണ്ടിന്നു
ചമ്പകായിതനായിട്ടും
ശതധന്വാവിനായെന്നെ
നൽകാനാക്കുന്നു മൽപിതാ. ൩൨

ഓർത്തിരിക്കാത്തതായൊരീ-
വാർത്തയാം നിശിതാശുഗം
കടന്നുഹൃത്തിൻമർമ്മങ്ങൾ
പിളർന്നീടുന്നു മേ വിഭോ! ൩൩

എന്നാശയമിതിൽ തെല്ലു-
മന്വേഷിച്ചറിയാനഹോ!
ക്ഷമയച്ഛനുദിച്ചീല
മമദുർവ്വിധിവൈഭവാൽ. ൨൪

അച്ഛന്റെ യാജ്ഞ ലംഘിപ്പാ-
നാലോചിപ്പതു തന്നെയും
അതീവ നിന്ദ്യമെന്നുള്ള-
തറിയുന്നുണ്ടു ഞാൻ ഹരേ! ൨൫

എന്നാൽ മനസ്സിനെങ്ങാന
പുരുഷൻതന്റെ കാന്തയായ്
മരുവുന്നതിനെക്കാളും
മരിച്ചീടുക താൻ വരം. ൨൬

കരകാണാത്ത കദന-
ക്കടലിൽ പെട്ടനാഥയായ്
കുഴങ്ങുമിവളെപ്പോററാൻ
കനിയേണം കൃപാനിധേ! ൨൭

പുണ്യശാലിനി വൈദർഭി-
ക്കന്നുദിച്ചോരു സങ്കടം
പോക്കിയെന്നല്ലവളെ നീ
വേൾക്കയും ചെയ്തതില്ലയോ? ൨൮

എന്നാൽ വൈദർഭിതൻനാമ-
മോതാനും യോഗ്യനല്ല ഞാൻ
അവളെങ്ങു വധൂമൌലി?—
യിവളെങ്ങു വരാകിയും? ൨൯

ഇന്നേവമുള വാഗ്യോഗി-
യുന്നതാർത്തിയിൽ മാത്രമേ
അവളോട്ടു സമാനതാ-
മിവൾക്കുള്ളു ജഗൽഗ്ഗുരോ! ൩൦

പ്രിയനെപ്പുറവാൻ നാണം
നാവിനെത്തടയുന്നു മേ
അല്ലെങ്കിലായതെന്തിനു
സർവ്വജ്ഞ! പറയുന്നു ഞാൻ. ൩൧

എനിക്കേവമുദിച്ചുള്ള
കനക്കുമഴൽപോക്കുവാൻ
നിനക്കു കഴിവുണ്ടെന്നു
നിനയ്ക്കുന്നു മുകുന്ദ! ഞാൻ. ൩൨

ദ്വേഷവും ദോഷവും ലേശം
താരുന്നുണ്ടായിടാതെ താൻ
താപം മമ ഹരിച്ചീടാൻ
തിരുവുള്ളമുദിക്കണം. ൩൩

കനിവും തെളിവും പൂണ്ടു
കണ്ണൻ കേട്ടരുളീടവേ
വാക്കേവമോതി വിപ്രേന്ദ്രൻ
വിരമിച്ചു കൃതാൎത്ഥനായ്. ൩൪

ഉയൎന്ന വൈയാകുലിയൊ-
ടടുത്തു പുരുഷോത്തമൻ
അമന്ദമന്ത്രജ്ഞൻ തന്നോ-
ടിവണ്ണമരുളീടിനാൻ:— ൩൫

"പൊരുൾ തിങ്ങി വിളങ്ങുന്ന
തരുണീമണിതൻമൊഴി
മോദവും ഖേദവും ഹന്ത!
മതിയിൽ ചേൎത്തിടുന്നു മേ. ൩൬

കാരസ്കരമരത്തിങ്കൽ
കല്പവല്ലി പടൎത്തുവാൻ
തുനിയും മനുജന്മാരി-
ങ്ങിനിയും മരുവുന്നുവോ? ൩൭

രുഗ്മിണീസഹജൻ മുന്നം
ശ്മശ്രുവും ഗൎവ്വവും സമം
കരിഞ്ഞോടിയ വൃത്താന്ത-
മറിഞ്ഞിട്ടില്ലയോ ജനം? ൩൮

വധുവിൻ മനമോരാതെ
ധനത്തിച്ഛയാക്കുവോൻ
മജ്ജാനിദാനമറിയാ-
തൌഷധം നിശ്ചയിച്ചിടും. ൩൯

എന്നാലുമിഹ സത്രാജി-
ത്തേവമുള്ളോരു പുത്രിയാൽ
ഹിമവാനുമയാലെന്ന-
വിധമിന്നതിധന്യനായ്. ൪൦

വൈദർഭിതന്നിൽ നിന്നോറം
തന്നെ താഴ്ത്തിയുയർന്നിലും
വിനീതയവൾ പാർത്തീടിൽ
വൈദർഭിക്കുസമാന താൻ. ൪൧

പടരുന്ന ദവാഗ്നിക്കു
പനിനീർമലരെന്നപോൽ
പരിതാപത്തിനത്തന്വി
പാത്രമല്ലിവളാകുവാൻ. ൪൨

അതിനാലുടനേ ഞാന-
സ്സതിതൻതാതമാനസം
ഹിതമാം വഴിയിൽ ചേർപ്പാൻ
യഥാമതി തുനിഞ്ഞിടാം" ൪൩

ഈ വർണ്ണമോതിയെഴുമേററമുദാരിതന്നോ-
ടാശിസ്സു ചൊല്ലിയ മഹീസുരനെസ്സരാഗം
തൽഭാരതീമയസുധാനദിതൻപ്രവാഹം
ഭാമാസമീപമണയിച്ചു നിരസ്തഖേദാം. ൭൮

ആത്മപ്രിയന്റെ മൊഴി വിപ്രമുഖത്തിൽ നിന്നു-
മുൽകണ്ഠ പൂണ്ടു നിശമിച്ചവളാശ്വസിച്ചാൾ
അന്നാളചിന്ത്യമനമാശ്രിതരക്ഷണത്തി-
ലൌത്സുക്യമാർന്നഥ കുതൂഹലമോടുവാണാൻ. ൭൯

"ഭാമാനിവേദനം" എന്ന ഒന്നാം സർഗ്ഗം.

സമാപ്തം.

DEFINITORY T.O.C.D. LIBRARY

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

പ്രശ്നമ

ജ്യൌതിഷികമനോരമ എന്ന
മലയാളഭാഷയിൽ പ്രസ്തു
ഉണ്ടായിട്ടുള്ള എല്ലാ വ്യാഖ്യാ
ജ്യോതിശ്ശാസ്ത്രരഹസ്യം ഉൾ
യോടുകൂടിയതുമാകുന്നു.

പൂർവ്വഭാഗം വില രൂ. 1 ണ 14.
ഉത്തരഭാഗം " രൂ. 2 ണ. 4.

DC Library
00007142
T61 K48

ഭാവകുതൂഹലം.

ഭാവവിചാരം ചെയ്യാനുള്ള ഗ്രന്ഥയുക്തികളെക്കൊണ്ടു് അലംകൃതമായ അപൂർവ്വ ജ്യോതിഷഗ്രന്ഥം.

ചിന്താമണി വ്യാഖ്യാനം പുസ്തകം 1-ക്കു് രൂ. 1 ണ. 2.
ചന്ദ്രപ്രഭാ " " രൂ 1 ണ. 8.

ദൈവജ്ഞവല്ലഭ.

ഭാവകൌമുദീ വ്യാഖ്യാനസഹിതം.

വരാഹമിഹിരാചാര്യൻെറ പ്രശ്നവിഷയം സംബന്ധിച്ചുള്ള അർത്ഥബാഹുലവും അനേക ഹോരാസംഗ്രഹവുമായ ഒരു മഹാഗ്രന്ഥം. വില അണ 12.

പഞ്ചപക്ഷിശാസ്ത്രം.

തമിഴ് മൂലവും മലയാളവ്യാഖ്യാനവും.

ഭോഗമഹർഷിപ്രണീതമായ ഈ ശാസ്ത്രം അഭ്യസിച്ചാൽ സകല ശുഭാശുഭഫലങ്ങളും പരസഹായം കൂടാതെ അക്കം അറിയാൻ സാധിക്കുന്നതാണു്.

വില രൂ. 1 ണ. 2.

ശില്പിരത്നം.

ദേവാലയങ്ങളുടെയും മനുഷ്യാലയങ്ങളുടെയും നിർമ്മാണവിധികളെ വിശദമായി വിവരിക്കുന്ന മണിപ്രവാളത്തിലുള്ള മൂലഗ്രന്ഥങ്ങളോടും അക്കം മനസ്സിലാകത്തക്ക വ്യാഖ്യാനത്തോടും കൂടിയതു്. രൂ. 1 ണ 2.

മാനേജർ, വി. വി. പ്രെസ്സ്, കൊല്ലം.

കേശവീയം

സ്യമന്തകാപരപര്യായം

മഹാകാവ്യം.

ഒന്നാം സർഗ്ഗം.

സരസഗായകകവിമണി

കെ. സി. കേശവപിള്ള.

വി. വി. പ്രസ്സ് കൊല്ലം.

(വില അണ 6.

1122

T61
K48